ഗസ്റ്റ് അദ്ധ്യാപകരുടെ ദിവസ വേതന കടിശ്ശിക

19 (1065) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറവൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ പുതുതായി അനുവദിച്ച ഹയർ സെക്കണ്ടറി വിഭാഗത്തിൽ നിലവിൽ എത്ര താല്ക്കാലിക അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട്; ഇവർ ഓരോരുത്തരും എത്ര കാലമായി ഇവിടെ ജോലി ചെയ്യുന്നു;

(ബി) ഇവർക്ക് എത്ര മാസത്തെ ദിവസ വേതനമാണ് നൽകാൻ കടിശ്ശികയുള്ളത്;

(സി) ഇവർക്ക് ദിവസവേതനം നൽകുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ; ഇവരുടെ വേതനം അടിയന്തരമായി നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 11 പേർ. 7 അദ്ധ്യാപകർ 27-8-2014 മുതൽ 28-2-2015 വരെയും 4 അദ്ധ്യാപകർ 2-6-2015 മുതലും ജോലി ചെയ്തിരുന്നു.

(ബി) ഒന്നാം വർഷം 7 മാസത്തെ കടിശ്ശികയും രണ്ടാം വർഷം 9 മാസത്തെ കടിശ്ശികയും.

(സി) ടി അദ്ധ്യാപകരുടെ ശമ്പള ബിൽ ആലപ്പുഴ ജില്ലാ ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ട്.

പ്രതിപക്ഷ നേതാവിനെതിരെയുള്ള ആരോപണം

20 (1067) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി.-യെ സംബന്ധിച്ച് പ്രതിപക്ഷ നേതാവിനെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി രൂപീകരിച്ച നിയമസഭ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) സമിതിയുടെ പ്രധാന നിഗമനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) സമിതിയുടെ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) സമിതിയുടെ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) സമിതിയുടെ പ്രധാന നിഗമനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) നിയമസഭാ സമിതിയുടെ നിഗമനങ്ങളിൽ പരാമർശിക്കുന്ന (1), (3) വിഷയങ്ങൾ ക്ലബ്ബ് ചെയ്ത് ഒരു വിജിലൻസ് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ വിജിലൻസ് വകുപ്പിൽനിന്നും വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. സമിതിയുടെ 2-ാം നിഗമനത്തിന്മേൽ നടപടി സ്വീകരിച്ചുവരുന്നു. സ്പേസ് എന്ന സ്ഥാപനത്തെപ്പറ്റിയുള്ള ആരോപണം തെറ്റാണെന്ന് സമിതി കണ്ടെത്തിയതിനാൽ സമിതിയുടെ 4-ാം നിഗമനത്തിൽ നടപടി ആവശ്യമില്ലായെന്നും തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഈ വിഷയം സംബന്ധിച്ച് സർക്കാർ നിർദ്ദേശാനുസരണം വി.ഇ.2/2012/എസ്.ഐ.യു II എന്ന നമ്പരിൽ അന്വേഷണം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ വി.സി.01/15/എസ്.ഐ.യു II എന്ന വിജിലൻസ് കേസ് 20-4-2015-ൽ രജിസ്റ്റർ ചെയ്യുകയുണ്ടായി. കേസ് അന്വേഷണം പുരോഗമിച്ചുവരുന്നു. വി.ഇ.1/2012/എസ്.ഐ.യു II എന്ന നമ്പരായി മറ്റൊരു വിജിലൻസ് അന്വേഷണവും നടന്നുവരുന്നു.

മലക്കപ്പാറ ജി.യു.പി. സ്കൂൾ

21 (1068) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ആതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ആദിവാസി മേഖലയിൽ ഉൾപ്പെട്ട മലക്കപ്പാറ ജി.യു.പി.എസിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും, സ്കൂൾ വിദ്യാർത്ഥികൾക്കായി ഹോസ്റ്റൽ, ക്ലാസ്സ് റൂമുകൾ എന്നിവ നിർമ്മിക്കുന്നതടക്കമുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ;

(ബി) 2016-17 വർഷത്തെ ബജറ്റിൽ ഇതിനായി ആവശ്യമായ തുക അനുവദിക്കുന്നതിനും ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2015-16 വർഷത്തിൽ ജി.യു.പി. സ്കൂൾ മലക്കപ്പാറയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് SSA മുഖേന 2,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) SSA നടപടി സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly